**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1417** **12-02-2025 - ൽ മറുപടിയ്ക്ക്**

**പരിയാരം കെ.കെ.എൻ.പി.എം. ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പരിയാരം കെ.കെ.എൻ.പി.എം. ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗം ആരംഭിച്ചതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | പരിയാരം കെ.കെ.എൻ.പി.എം ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 2014-ൽ ആണ് ഹയർ സെക്കണ്ടറി വിഭാഗത്തിൽ ബയോളജി സയൻസ്(01) ആരംഭിച്ചത്. ഇതിനു പുറമേ 07/07/2022 ലെ സ.ഉ. (കൈ) നം. 118/2022/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം കൊമേഴ്സിലും ഹ്യൂമാനിറ്റീസിലും ഓരോ താൽക്കാലിക ബാച്ചുകൾ 2022-24 അദ്ധ്യയന വർഷം അനുവദിച്ചത് ഇപ്പോഴും തുടരുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ പ്രിൻസിപ്പൽ, എച്ച്.എസ്.എസ്.ടി. തസ്തികകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ബി) | കണ്ണൂർ പരിയാരം KKNPM GVHSS-ൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ